# അറിയാൻ, അപേക്ഷിക്കാൻ

## ഒരു രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് മതി

സംസ്ഥാനത്തെ ഏതു സർക്കാരാഫീസിലും ഏതു സർക്കാരുദ്യോഗസ്ഥനും (ഗവൺമെന്റ്, റവന്യൂ ബോർഡ്, ചീഫ് എക്സിക്യൂട്ടീവ് അതോറിറ്റി ഒഴിച്ച്) മുന്നിൽ ജനങ്ങൾ സമർപ്പിക്കുന്ന ഏതപേക്ഷയിലും നിവേദനത്തിലും ഒരു രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചാൽ മതി എന്ന് സർക്കാർ വിജ്ഞാപനമിറക്കി. മണ്ണെണ്ണ പെർമിറ്റ്, റേഷൻ കാർഡിനുള്ള അപേക്ഷ, വില്ലേജ് ഓഫീസിൽ കൊടുക്കുന്ന അപേക്ഷ എന്നിവയ്ക്കെല്ലാം ഇത് ബാധകമാണ്.

## വായനശാലകൾക്ക് സഹായം

കർക്കടത്തിലെ രാജാറാം മോഹൻറായ് ലൈബ്രറി ഫൗണ്ടേഷൻ ഗ്രന്ഥശാലകൾക്ക് ധനസഹായം നല്കുന്നു.

കെട്ടിടം നിർമ്മിക്കാനും, ഫർണിച്ചറുകൾ വാങ്ങാനും, സെമിനാറുകളും ശില്പശാലകളും നടത്താനും, മൊബൈൽ ലൈബ്രറി നടത്താനും, ടി.വി. - വി.സി.പി. - കാസറ്റുകൾ എന്നിവ വാങ്ങാനും ആണ് ധനസഹായം.

ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്ട്രേഷനും കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അഫിലിയേഷനും ഉണ്ടെങ്കിലേ അപേക്ഷിക്കേണ്ടൂ. നിബന്ധനകളും അപേക്ഷാഫാറവും ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറിമാരിൽനിന്നും ലഭിക്കും.

## സംരക്ഷിക്കപ്പെടേണ്ട വനമേഖലകൾ നിർദ്ദേശിക്കാം....

ജനകീയ പങ്കാളിത്തത്തോടെ വനപ്രദേശങ്ങൾ സംരക്ഷിക്കാനുള്ള പരിപാടിയുടെ ഭാഗമായി സംരക്ഷിക്കപ്പെടേണ്ട വനമേഖലകളെക്കുറിച്ച് നിർദ്ദേശിക്കാനും തുടർന്നുള്ള പരിപാടികളിൽ സഹകരിക്കാനും വനപരിസരത്ത് താമസിക്കുന്ന വ്യക്തികളുടെയും സന്നദ്ധ സംഘടനകളുടെയും സഹായം വനം വകുപ്പ് തേടുന്നു. താത്പര്യമുള്ള വ്യക്തികളും സംഘടനകളും അവരുടെ നിർദേശങ്ങൾ അതാതിടത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഫോറസ്റ്റ് കൺസർവേറ്റർ എന്നിവർക്കും ഒരു പകർപ്പ് കോ - ഓർഡിനേറ്റർ (പി.എഫ്.എം.), ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം - 14 എന്ന വിലാസത്തിലും അയയ്ക്കണം.

## കർഷകർക്ക് അവാർഡ്

ആലപ്പുഴ, തൃശൂർ ജില്ലകളിലെ മികച്ച വിളവെടുക്കുന്ന കർഷകർക്ക് എറണാകുളത്തെ പി.എൽ. അഗ്രോ ടെക്നോളജീസ് ലിമിറ്റഡ് അവാർഡുകൾ നല്കുന്നു. ഒരു ഹെക്ടറിൽനിന്ന് 4000 കിലോ നെല്ലെങ്കിലും ഉത്പാദിപ്പിക്കാൻ സാധ്യതയുള്ളവർ താഴെ പറയുന്ന വിലാസത്തിൽ ബന്ധപ്പെടുക:

പി.എൽ. അഗ്രോ ടെക്നോളജീസ് ലിമിറ്റഡ്, രവിപുരം, എറണാകുളം, കൊച്ചി - 682 015.

## നാടൻ കലാകാരന്മാർക്ക് ചികിത്സാ സഹായം

ചികിത്സയിൽ കഴിയുന്ന നാടൻ കലാകാരന്മാർക്ക് സംസ്ഥാന ഫോക്‌ലോർ അക്കാദമി സഹായം നല്കും. അപേക്ഷകർ 18,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവരായിരിക്കണം. അപേക്ഷകന്റെ പൂർണ വിവരങ്ങൾ, വാർഷിക വരുമാനം, ബന്ധപ്പെട്ട കലാരംഗം, രോഗത്തിന്റെയും ചികിത്സയുടെയും വിശദ വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തിയ അപേക്ഷയോടൊപ്പം, രോഗത്തെക്കുറിച്ചുള്ള ഡോക്ടറുടെ സർട്ടിഫിക്കറ്റ്, വാർഷിക വരുമാനം തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്, നാടൻ കലാകാരനെന്ന് തെളിയിക്കുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സർട്ടിഫിക്കറ്റ് എന്നിവയും ചേർത്ത് സെക്രട്ടറി, കേരള ഫോക്‌ലോർ അക്കാദമി, താണ പി.ഒ. കണ്ണൂർ - 670 012 എന്ന വിലാസത്തിൽ അയയ്ക്കണം.